കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കം ചെയ്യൽ) ആക്ററ്, 1928

(1928-ലെ 12-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില: [illegible] 0-40

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കം ചെയ്യൽ) ആക്റ്റ്, 1928

(1928-ലെ 12-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

0-40

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കം ചെയ്യൽ) ആക്ററ്, 1928

## (1928-ലെ 12-ാം നമ്പർ ആക്ററ്)

### അനന്തരാവകാശികളിൽ ചില തരക്കാരെ ഒഴിച്ചു നിറുത്തുന്നതു സംബന്ധിച്ച ഹിന്ദു നിയമം ഭേദഗതി ചെയ്യുന്നതിനും ചില സംശയങ്ങൾ നീക്കം ചെയ്യുന്നതിനും ഉള്ള ആക്ററ്.

[1928 സെപ്ററംബർ, 20]

അനന്തരാവകാശികളിൽ ചില തരക്കാരെ പരമ്പരാഗതമായി ഒഴിച്ചു നിറുത്തുന്നതു സംബന്ധിച്ച ഹിന്ദു നിയമം ഭേദഗതി ചെയ്യുന്നതും, ചില സംശയങ്ങൾ നീക്കം ചെയ്യുന്നതും സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ബാധകമാകലും.—(1) ഈ ആക്ററിന് ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കം ചെയ്യൽ) ആക്ററ്, 1928 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് ഹിന്ദുനിയമത്തിലെ ദായഭാഗ സമ്പ്രദായത്താൽ അനുശാസിക്കപ്പെടുന്ന ഏതെങ്കിലും ആൾക്ക് ബാധകമാകുന്നതല്ല.

2. കൂട്ടുകുടുംബ വസ്തുവിലെ അവകാശങ്ങളിൽനിന്ന് ആളുകളെ ഒഴിച്ചുനിറുത്തപ്പെടുന്നതല്ലെന്ന്.—വിപരീതമായി ഹിന്ദു നിയമത്തിലെ ഏതെങ്കിലും ചട്ടമോ ആചാരമോ ഉണ്ടായിരുന്നാലും, ഇപ്പോഴും ജനനം മുതല്ക്കു ഭ്രാന്തനോ ജഡബുദ്ധിയോ ആയിട്ടുള്ള ഒരാളല്ലാത്തവനും, ഹിന്ദു നിയമത്താൽ അനുശാസിക്കപ്പെടുന്നവനുമായ യാതൊരാളും ഏതെങ്കിലും രോഗമോ അംഗവൈകല്യമോ, ശാരീരികമോ മാനസികമോ ആയ ന്യൂനതയോ മാത്രം കാരണമായി കൂട്ടുകുടുംബ വസ്തുവിലുള്ള ഏതെങ്കിലും അവകാശത്തിൽ നിന്നോ ഓഹരിയിൽ നിന്നോ ഒഴിച്ചുനിറുത്തപ്പെടുന്നതല്ല.

3. ഒഴിവാക്കലും അപവാദവും.—ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, അതിൻെറ പ്രാരംഭത്തിനുമുമ്പ് സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും അവകാശത്തേയോ, നേരിട്ടിട്ടുള്ള ഏതെങ്കിലും ബാദ്ധ്യതയേയോ, ബാധിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ഈ ആക്ററ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നതല്ലാത്തതും മതപരമായ ഏതെങ്കിലും ഉദ്യോഗമോ സേവനമോ, മതപരമോ ധർമ്മപരമോ ആയ ഏതെങ്കിലും ട്രസ്ററിൻെറാ മാനേജ്മെൻെറാ സംബന്ധിച്ചതുമായ ഏതെങ്കിലും അവകാശം അയാൾക്ക് നല്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നതല്ല.

3/2620/75/V.